**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **09-02-2023 - ൽ മറുപടിയ്ക്ക്**

**രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രോഗങ്ങൾ വരാതിരിക്കാനും പടരാതിരിക്കാനും വേണ്ടി എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | രോഗങ്ങൾ വരാതിരിക്കാനും പടരാതിരിക്കാനും വേണ്ടി സംസ്ഥാനത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ജലജന്യ രോഗങ്ങളായ കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്തം, ഷിഗെല്ല തുടങ്ങിയ രോഗങ്ങൾ പടരാതിരിക്കാനായി കുടിവെള്ള സ്രോതസ്സുകളുടെ റാൻഡം പരിശോധന, കിണർവെള്ള ക്ലോറിനേഷൻ, എന്നിവയ്ക്ക് പുറമെ രോഗപ്രതിരോധ മാർഗ്ഗങ്ങൾ, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുള്ള ആരോഗ്യ ശീലങ്ങൾ, വ്യക്തി ശുചിത്വം പാലിക്കാനുള്ള സന്ദേശങ്ങൾ എന്നിവ അവബോധ പരിപാടികളിലൂടെയും IEC പ്രവർത്തനങ്ങളിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നു. ഇത്തരം ജലജന്യ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും സർവൈലൻസ് സംവിധാനം ശക്തമാക്കുന്നതിനും ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>കൊതുക് ജന്യ രോഗങ്ങൾ ആയ മലേറിയ, ഡെങ്കിപ്പനി, മന്ത്, ചിക്കൻഗുനിയ, സിക്ക തുടങ്ങിയവ പ്രതിരോധിക്കാനായി സമയാ-സമയങ്ങളിൽ വെക്ടർ പഠനങ്ങൾ, ഉറവിട നശീകരണം, ശാസ്ത്രീയമായ രീതിയിലുള്ള കൊതുക് നിർമ്മാർജ്ജന മാർഗ്ഗങ്ങൾ എന്നിവയ്ക്ക് ആരോഗ്യ വകുപ്പ് നേതൃത്വം നൽകുന്നുണ്ട്. മലേറിയയുടെ സാന്നിധ്യം സമൂഹത്തിൽ നേരത്തെ കണ്ടെത്തുന്നതിനായി, പൊതുജനങ്ങളിൽ നിശ്ചിത ശതമാനം ആളുകളിൽ ആക്റ്റീവ് പാസീവ് രക്ത പരിശോധന സ്ക്രീനിങ് നടത്തി വരുന്നുണ്ട്. അതിഥി തൊഴിലാളികളിൽ MIST പദ്ധതി വഴി മന്ത് രോഗ സ്ക്രീനിംഗ് നടത്തുവാനും, ഇതുവഴി യഥാസമയം ചികിത്സ ഉറപ്പിക്കാനും രോഗപ്പകർച്ച തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. മലേറിയ, ഡെങ്കി, മന്ത് എന്നിവയുടെ രോഗനിർണയത്തിന് |

ആവശ്യമായ പരിശോധനാ കിറ്റുകളുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റ് പ്രാണിജന്യ രോഗങ്ങളായ സ്ക്രബ്ബ് ടൈഫസ്, കരിമ്പനി (ലീഷ്മാനിയസിസ്) എന്നിവ കണ്ടെത്താനുള്ള സർവൈലൻസ് സംവിധാനം ശക്തിപ്പെടുത്തുകയും, ഇവയുടെ പ്രതിരോധത്തിനായി ചെള്ളുകളുടെയും മണലീച്ചയുടെയും നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കുട്ടികളിൽ പോളിയോ, ഡിഫ്ത്തീരിയ, കുട്ടികളിലെ TB, വില്ലൻ ചുമ, ടെറ്റനസ്, ഹെപ്പറ്റൈറ്റിസ് B, ന്യൂമോണിയ, വയറിളക്കം, അഞ്ചാം പനി, റുബെല്ല തുടങ്ങിയവ തടയുന്നതിനായുള്ള വാക്സിനേഷൻ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തി വരുന്നുണ്ട്. ഇതിനു പുറമെ പേവിഷബാധ തടയാനുള്ള വാക്സിൻ, മൃഗങ്ങളിൽ നിന്ന് പരിക്കേറ്റവർക്കും ഉറപ്പുവരുത്തുന്നുണ്ട്. ജപ്പാൻ ജ്വരം പകരാൻ സാധ്യതയുള്ള ജില്ലകളിൽ ഇതിനെതിരെയുള്ള വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്.

ക്ഷയരോഗം നേരത്തെ കണ്ടെത്താനും ചികിത്സ നൽകാനും സമ്പർക്കം വന്നവരിൽ പരിശോധന നടത്താനും കുട്ടികൾക്ക് പ്രതിരോധ മരുന്നുകൾ നൽകാനും വേണ്ട നടപടികൾ TB നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നുണ്ട്. മറ്റ് വായുജന്യ രോഗങ്ങളായ എച്ച്1എൻ1, ഇൻഫ്ലുവൻസ തുടങ്ങിയവ കണ്ടെത്തുന്നതിനായി ILI (influenza like illness), SARI സർവൈലൻസ് ശക്തിപ്പെടുത്തുകയും, ഇവയുടെ വൈറൽ പരിശോധന സംവിധാനം സംസ്ഥാനത്ത് നോഡൽ ലാബുകളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് 19 രോഗം തടയുന്നതിനായി, കോവിഡ് വാക്സിനേഷൻ പൊതുജനത്തിന് ലഭ്യമാക്കിയിരുന്നു. പുതിയ ജനിതക വകഭേദങ്ങൾ നേരത്തെ കണ്ടെത്തുന്നതിനായി ജനിതക സർവൈലൻസും സംസ്ഥാനത്ത് നടന്നു വരുന്നുണ്ട്.

എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈറിസ്ക് വിഭാഗത്തിൽപ്പെടുന്നവർക്ക് 'ഡോക്സിസൈക്ലിൻ' പ്രതിരോധ മരുന്നുകൾ നൽകുകയും, പൊതുജനങ്ങളിൽ എലിപ്പനിയുടെ ലക്ഷണങ്ങളെക്കുറിച്ചും പ്രതിരോധ രീതികളെക്കുറിച്ചുമുള്ള അവബോധം ഉണ്ടാക്കുവാനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു ജന്തു ജന്യ രോഗമായ കുരങ്ങു പനി റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (വയനാട് ജില്ലയിൽ)

| | | | |
|---|---|---|---|
| | | | ഇതിന്റെ സർവൈലൻസ് ശക്തമാക്കുകയും, വാക്സിനേഷൻ നൽകുകയും ചെയ്യുന്നുണ്ട്.<br><br>HIV സ്ക്രീനിംഗ് പ്രവർത്തനങ്ങൾ, ഹൈ റിസ്ക് വിഭാഗങ്ങളിൽ ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. സുരക്ഷിത രക്തദാനം, സുരക്ഷിത ലൈംഗിക ബന്ധം എന്നീ സന്ദേശങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങളിൽ എത്തിക്കുന്നുണ്ട്.<br><br>ഇതിന് പുറമെ ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തിവരുന്നുണ്ട്. പ്രമേഹം, രക്താതിസമ്മർദ്ദം, കാൻസർ, ഹൃദ്രോഗങ്ങൾ, സ്ട്രോക്ക് തുടങ്ങിയവ കണ്ടെത്തുന്നതിനും, അവ വരാൻ സാധ്യതയുള്ളവരെ മുൻകൂട്ടി കണ്ടെത്തുന്നതിനുമായിട്ടുള്ള സ്ക്രീനിംഗ് പ്രവർത്തനങ്ങൾ 'ശൈലി ' പദ്ധതി വഴി സമൂഹത്തിൽ നടത്തി വരുന്നുമുണ്ട്. ജീവിതശൈലി രോഗങ്ങളുടെ സ്ക്രീനിങ് ക്യാമ്പുകൾക്ക് പുറമെ, കാൻസർ സ്ക്രീനിങ് പോർട്ടൽ വഴി ഹൈറിസ്ക് വ്യക്തികളുടെ കാൻസർ സ്ക്രീനിംഗ് പ്രവർത്തനങ്ങളും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ശരിയായ ഭക്ഷണ ശീലങ്ങൾ പാലിക്കുന്നതിന്റെയും കൃത്യമായ വ്യായാമത്തിന്റെയും ആരോഗ്യപരമായ ജീവിത ശൈലി തുടരുന്നതിന്റെയും ആവശ്യകത ആരോഗ്യ സന്ദേശങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ